(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ ;

(ഇ) നടപ്പുവർഷം ഇതിനായി എന്തു തുക നൽകേണ്ടി വരുമെന്നാണ് കണക്കാക്കുന്നത് ?

ഉത്തരം

(എ) ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഊർജ്ജ ക്രെഡിറ്റ് സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കൾക്കാണ് ഇത്തരത്തിൽ ക്രെഡിറ്റ് ആനുകൂല്യം നൽകാൻ തീരുമാനിച്ചിട്ടുള്ളത്.

(സി) അന്തിമ തീരുമാനമായിട്ടില്ല.

(ഡി) പദ്ധതി വിശകലനം ചെയ്തുവരുന്നു.

(ഇ) നടപ്പുവർഷം ഇതിനായി 24.84 കോടി രൂപ വേണ്ടിവരും.

കൽക്കരി അധിഷ്ഠിത താപവൈദ്യുത നിലയത്തിന്റെ നിർമ്മാണ പ്രവർത്തനം

145 (4208) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബൈതരണി വെസ്റ്റ് കോൾ ബ്ലോക്കിൽ നിന്നും കെ.എസ്.ഇ.ബി. യ്ക്കുള്ള കൽക്കരി വിഹിതം ഉപയുക്തമാക്കുന്നതിനുള്ള എൻഡ് യൂസ് പ്രോജക്ട് ആയി കാസർഗോഡ് ജില്ലയിലെ പീമേനി വില്ലേജിനെ ഉപയോഗിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) കെ.എസ്.ഐ.ഡി.സി-യുടെ സഹകരണത്തോടെ ഇവിടെ സ്ഥാപിക്കാനുദ്ദേശിക്കുന്ന കൽക്കരി അധിഷ്ഠിത താപ വൈദ്യുതി നിലയത്തിന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(സി) പ്രസ്തുത താപനിലയത്തിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാനാകും എന്നാണ് കണക്കാക്കുന്നത് ;

(ഡി) പ്രസ്തുത താപനിലയം സ്ഥാപിക്കുന്നതിനുള്ള കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ടോ ;

(ഇ) പ്രസ്തുത നിലയത്തിന്റെ നിർമ്മാണ ചെലവ് എത്ര കോടി രൂപയെന്നാണ് കണക്കാക്കുന്നത് ;

(എഫ്) ഇതിന്റെ പണി എന്ന് പൂർത്തിയാക്കാനാകും എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഞെരേണി വെസ്റ്റ് കോൾ ബ്ലോക്കിൽ നിന്നും കെ.എസ്.ഇ.ബി.-ക്കുള്ള കൽക്കരി വിഹിതം പ്രയോജനപ്പെടുത്തി 1320 മെഗാവാട്ട് ശേഷിയുള്ള ഒരു താപനിലയം പവർ പ്രോജക്ട് നിർമ്മിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പ്രോജക്ട് റിപ്പോർട്ട് തയ്യാറായിക്കഴിഞ്ഞു. പരിസ്ഥിതി ആഘാതം വിലയിരുത്തുന്ന പഠനങ്ങളും പുരോഗമിച്ചുവരുന്നു.

(ബി) നിർമ്മാണ പ്രവർത്തനം തുടങ്ങിയിട്ടില്ല. താപവൈദ്യുതി നിലയത്തിന് ആവശ്യമായ പരിസ്ഥിതി പഠനങ്ങളും അടിസ്ഥാന സൗകര്യങ്ങൾക്ക് ആവശ്യമായ പഠനങ്ങളും നടന്നുവരുന്നു.

(സി) കൽക്കരി ഉപയോഗിച്ച് 1320 മെഗാവാട്ടും പ്രകൃതി വാതകം ഉപയോഗിച്ച് 1200 മെഗാവാട്ടും വൈദ്യുതി അധികമായി ഉത്പാദിപ്പിക്കാനാകും.

(ഡി) ഈ പദ്ധതി 12-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കെ.എസ്.ഐ.ഡി.സി. കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായിട്ടില്ല.

(ഇ) കൽക്കരി ഉപയോഗിച്ചുള്ള പദ്ധതിക്ക് 8092 കോടി രൂപയെന്നാണ് കണക്കാക്കുന്നത്.

(എഫ്) 2015-17 വർഷത്തോടെ ഈ പദ്ധതി പൂർത്തീകരിക്കാനാണ് ഇപ്പോൾ പ്രതീക്ഷിടുന്നത്.

വാതകാധിഷ്ഠിത പവർ പ്ലാന്റുകൾ

146 (4209) ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. മുരളി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വാതകാധിഷ്ഠിത പവർ പ്ലാന്റുകൾ സ്ഥാപിക്കുമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഇതുവരെ എത്രൊക്കെ കമ്പനികൾ താൽപര്യപത്രം സമർപ്പിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇത്തരം പവർ പ്ലാന്റുകൾ സംസ്ഥാനത്ത് എവിടെയൊക്കെ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) ഇത്തരം പവർ പ്ലാന്റുകളുടെ പ്രവർത്തനത്തിലൂടെ പ്രതിവർഷം എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാനാകും എന്നാണ് കണക്കാക്കുന്നത് :

LIBRARY ARCHIVES Kerala Legislative Assembly